**പതിനാലാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി

# (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനം സംബന്ധിച്ച്)

1299/2017

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I | : | 25 |

## യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

<u>അംഗങ്ങൾ:</u>

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.

ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.

ശ്രീ. കെ. രാജൻ, എം.എൽ.എ.

ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2016-19)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളത്തിലെ സ്പോർട്സ് സ്കൂളുകൾ നിരവധി ദേശീയ അന്തർദേശീയ താരങ്ങളെ രാഷ്ട്രത്തിന് സമർപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകളിൽ അത്യാധുനിക സൗകര്യങ്ങൾ ഒരുക്കി അവയെ മികച്ച പരിശീലന കേന്ദ്രങ്ങളാക്കുന്നത് കൂടാതെ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ ഹോസ്റ്റൽ സംവിധാനം ഒരുക്കുകയും ചെയ്യേണ്ടത് കായിക വിദ്യാർത്ഥികളെ മികച്ച കായികതാരങ്ങളാക്കുന്നതിന് ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിന്റെയും, സംസ്ഥാനത്തെയും അഖിലേന്ത്യാ തലത്തിലെയും വിവിധ സ്പോർട്സ് സ്കൂളുകളും ഹോസ്റ്റലുകളും സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്

2017 ആഗസ്റ്റ് മാസം 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 23.

# റിപ്പോർട്ട്

പരമ്പരാഗതമായി ഒട്ടേറെ കായിക വിനോദങ്ങൾ നെഞ്ചേറ്റുന്ന നാടാണ് നമ്മുടെ കേരളം. വിവിധ ദേശീയ അന്തർ ദേശീയ കായിക മത്സരങ്ങളിൽ മെഡൽ നേടിയ കായിക പ്രതിഭകളുടെ കണക്കെടുത്താൽ അതിൽ എന്നും മുന്നിൽ നമ്മുടെ സംസ്ഥാനമായിരുന്നു വെന്ന് വ്യക്തമാകും. കായിക മത്സരങ്ങളിൽ പങ്കെടുക്കുവാൻ അഭിനിവേശവും അതിനായി ആവേശവും അശ്രാന്ത പരിശ്രമവും നടത്തുന്നവരായ ധാരാളം യുവജനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതിനെ വേണ്ടവിധത്തിൽ പരിപോഷിപ്പിച്ച് ആരോഗ്യവും ചിന്താശക്തിയുമുള്ള യുവപ്രതിഭകളെ വാർത്തെടുക്കുക എന്നതായിരിക്കണം കായിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

2. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യവും ചിന്താശക്തിയുമുള്ള മനസ്സുണ്ടാകൂ. കേരളത്തിലെ സ്പോർട്സ് സ്കൂളുകൾ നിരവധി ദേശീയ അന്തർ ദേശീയ താരങ്ങളെ രാഷ്ട്രത്തിന് സമർപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. കുട്ടികളുടെ കഴിവുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി 10-15 വർഷം ശാസ്ത്രീയ പരിശീലനം നൽകി അന്തർദേശീയ തലത്തിൽ മികവ് പ്രകടിപ്പിക്കുന്ന കായിക പ്രതിഭകളാക്കി മാറ്റിയെങ്കിൽ മാത്രമേ വരുംവർഷങ്ങളിൽ ദേശീയ അന്തർദേശീയ മത്സരങ്ങളിലെ മെഡൽ കൊയ്ത്തിൽ നമ്മുടെ കുത്തക നിലനിർത്തുവാൻ സാധിക്കൂ. രാജ്യത്തിന്റെ ഭാവി തലമുറയുടെ മാനസികവും ശാരീരികവുമായ വളർച്ച ഉറപ്പാക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികളെ കായിക മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രവേശനം നൽകുകയും മികച്ച പരിശീലനം, പഠനം, താമസം, ഭക്ഷണം, മാനസിക പിൻബലം, വ്യക്തിത്വ വികസനം, വിനോദം, സാമൂഹികാവബോധം എന്നിവ നൽകി രാജ്യത്തിന്റെ യശസ്സ് ഉയർത്തുംവിധം അന്തർദേശീയ തലത്തിൽ മെഡൽ നേടുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ, അവയുടെ നിലവാരം, ഭൗതിക സാഹചര്യം, വിദ്യാർത്ഥികളുടെ എണ്ണം, അവർക്ക് ലഭിക്കുന്ന ധനസഹായം, നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, സ്പോർട്സ് സ്കൂളുകളുടേയും ഹോസ്റ്റലുകളുടേയും പ്രവർത്തനം എന്നിവ സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസം, കായിക യുവജനകാര്യം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽ നിന്നും 8-2-2017-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. 5-1-2017-ൽ കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളും 18-2-2017-ൽ തിരുവനന്തപുരത്ത് അരുവിക്കരയിലുള്ള ജി.വി. രാജ സ്പോർട്സ് സ്കൂളും സന്ദർശിച്ച സമിതി സ്കൂൾ അധികാരികൾ, അധ്യാപകർ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവരുമായി വിശദമായി സംസാരിക്കുകയും പ്രശ്നങ്ങൾ കേൾക്കുകയും ചെയ്തതിൻെറയും 9-7-2017 മുതൽ 12-7-2017 വരെ നടത്തിയ അഖിലേന്ത്യാ പഠന പര്യടനത്തിൽ പട്യാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സ്കൂളും റോഹ്തക്‌ലെ ജി.ഡി. ഗോയൻകാ ഇന്റർനാഷണൽ സ്കൂളും സന്ദർശിച്ചതിന്റെയും

അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കണ്ടെത്തലുകളും കായിക രംഗത്ത് സംസ്ഥാനത്തെ വളർച്ച സാക്ഷാത്കരിക്കുന്നതിനുതകുന്ന ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

3. കേരളത്തിന്റെ കായിക താരങ്ങൾക്ക് പരിശീലനം നൽകുന്ന സെന്ററുകൾ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കേരള സ്പോർട്സ് കൗൺസിൽ, സർക്കാരിന്റെ അധീനതയിലുള്ള സ്പോർട്സ് സ്കൂളുകൾ എന്നിവയാണ്. ഇതിൽ സ്പോർട്സ് സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിൻ കീഴിലും മറ്റുള്ളവ കായിക വകുപ്പിൻ കീഴിലും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളും കണ്ണൂർ ഗവ: വി.എച്ച്.എസ്.എസ്. (കണ്ണൂർ സ്പോർട്സ് ഡിവിഷൻ) സ്കൂളും പട്ടികജാതി വികസന വകുപ്പിൻ കീഴിൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളും പ്രവർത്തിച്ചിരുന്നു. കായിക സ്കൂളുകൾ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്നത് വിദ്യാർത്ഥികളുടെ കായിക വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുന്നതായി മനസ്സിലാക്കിയ സർക്കാർ, കായിക വിദ്യാഭ്യാസത്തിന് കൂടുതൽ ശ്രദ്ധയും മികവുമേറ്റുക എന്ന ലക്ഷ്യത്തോടെ ടി സ്കൂളുകളെ കായിക യുവജനകാര്യ വകുപ്പിൻ കീഴിലാക്കിക്കൊണ്ട് 25-2-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ 13-2-2017-ലെ സ.ഉ. (Ms) നമ്പർ 3/17/ക.യു.വ. പ്രകാരം (അനുബന്ധം I) കായിക വകുപ്പ് ഏറ്റെടുത്ത് ഉത്തരവിറക്കിയിട്ടുണ്ട്.

4. ഷൈനി വിൽസൺ, ബീനാമോൾ, ശ്രീജേഷ് തുടങ്ങി നൂറ് കണക്കിന് കായിക പ്രതിഭകളെ വാർത്തെടുത്ത് കായിക കേരളത്തിന് സുവർണ്ണ സംഭാവനകൾ നൽകിയ വിദ്യാലയമാണ് തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലെ മൈലത്ത് പ്രവർത്തിക്കുന്ന ജി.വി. രാജ സ്കൂൾ. 1971-ലെ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1974-ൽ ഗോദവർമ്മരാജയുടെ പേരിൽ സ്കൂൾ ശംഖുമുഖത്ത് പ്രവർത്തനം ആരംഭിക്കുകയും 2006-ൽ സ്കൂൾ മൈലത്തേക്ക് മാറ്റുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന ടി സ്കൂളിന്റെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് സ്കൂൾ കായിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

5. സർക്കാരിന്റെ ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തുന്ന ജി.വി. രാജ സ്കൂൾ ഇപ്പോഴും പരിമിതികളുടെ നടുവിലാണ് പ്രവർത്തിക്കുന്നത്. 8 മുതൽ 12 വരെ ക്ലാസ്സുകളിലായി 390 വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ പരിശീലകരുടെ അഭാവം, വാർഡന്റെ അഭാവം, കായിക വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ആഹാരത്തിന്റെ കുറവ്, പഠന മുറികളുടെ കുറവ്, ശുചിമുറികൾ, മെസ് എന്നിവിടങ്ങളിലെ ശുചിത്വമില്ലായ്മ, ഹോസ്റ്റൽ മുറികളിൽ ഉൾക്കൊള്ളാനാകുന്നതിലധികം വിദ്യാർത്ഥികൾ, ഫാൻ, ലൈറ്റ്, എന്നിവയില്ലാത്ത മുറികളിൽ തിങ്ങിപ്പാർക്കേണ്ടിവരിക, വിദ്യാർത്ഥിനികൾക്ക് സുരക്ഷയും

സ്വകാര്യതയും ഉറപ്പുനൽകുവാൻ സാധിക്കാത്ത തരത്തിലുള്ള കെട്ടിട നിർമ്മാണം, വിദ്യാർത്ഥികളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് ഡോക്ടർ, നേഴ്സ്, സൈക്കോളജിസ്റ്റ്, കൗൺസിലർ എന്നിവരുടെയും ലാബ്, ആംബുലൻസ് എന്നീ സൗകര്യങ്ങളുടെയും അഭാവം, അശാസ്ത്രീയവും അപകട ഭീഷണി ഉയർത്തുന്നതുമായ കളിസ്ഥലങ്ങൾ, സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം, ഉപയോഗയോഗ്യമല്ലാത്ത ഇൻഡോർ സ്റ്റേഡിയം, കായിക മികവിനേക്കാൾ അക്കാഡമിക് മികവിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങളെപ്പറ്റി ടി സ്കൂൾ സന്ദർശനവേളയിൽ സമിതി മുമ്പാകെ വിദ്യാർത്ഥികൾ പരാതികൾ സമർപ്പിക്കുകയുണ്ടായി.

6. 1997-വരെ ജി. വി. രാജ സ്കൂളിൽ സ്പോർട്സ് പരിശീലകർ, കായിക ഉപകരണങ്ങൾ എന്നിവ നൽകിയിരുന്നത് സ്പോർട്സ് കൗൺസിൽ ആണ്. വിദ്യാഭ്യാസ, സ്പോർട്സ് വകുപ്പുതല സംയുക്ത പ്രവർത്തനത്തിന്റെ വ്യക്തമായ മാനുവൽ ഇല്ലായ്മയും വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ഏകോപനമില്ലായ്മയും മൂലം 1997-ൽ സ്പോർട്സ് കൗൺസിൽ സ്കൂളിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും വിദ്യാഭ്യാസ വകുപ്പ് സ്കൂളിന്റെ പ്രവർത്തനം പൂർണ്ണമായി ഏറ്റെടുക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ പരിമിതികളിലേയ്ക്കും പരാധീനതയിലേയ്ക്കും പോയതിന്റെ ഒരു പ്രധാനകാരണം ഭരണപരമായ ഘടനയിലെ പോരായ്മയായിരുന്നു. പ്രസ്തുത പോരായ്മ സ്കൂളിനെ കേവലം അക്കാദമിക് വിദ്യാലയമാക്കി പരിമിതപ്പെടുത്തി. കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് 2017-ൽ സ്കൂൾ കായിക വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. എങ്കിലും സ്കൂളിനെ മികവുറ്റ ഒരു സ്പോർട്സ് സ്കൂൾ ആയി ഉയർത്തുന്നതിന് കായിക മേഖലയിൽ അറിവും, പ്രായോഗിക പരിചയവും ഉള്ള അധ്യാപകന്റെ നേതൃത്വം ആവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ സ്കൂളിൽ കായിക വിഷയത്തിൽക്കൂടി യോഗ്യതയുള്ള അദ്ധ്യാപകനെ വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ഹൈസ്കൂളും, കായിക പരിശീലനവും ഉൾപ്പെടെയുള്ള ചുമതലകൾ നൽകി പ്രധാന അദ്ധ്യാപകനായി നിയമിക്കണമെന്നും പ്രസ്തുത അദ്ധ്യാപകന്റെ യോഗ്യതയും ഉത്തരവാദിത്തങ്ങളും നിശ്ചയിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള വകുപ്പുതല ഉത്തരവ് പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. ജി.വി. രാജാ സ്കൂളിന് പ്രത്യേകമായി പരിശീലക തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ മിക്കപ്പോഴും കായിക പരിശീലനം കാര്യക്ഷമമായി നടക്കാത്ത അവസ്ഥയുണ്ടാകുന്നു. നിലവിൽ സ്പോർട്സ് കൗൺസിലിൽ നിന്ന് നാലും വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അഞ്ചും

കായിക അദ്ധ്യാപകരുൾപ്പെടെ 9 പരിശീലകരാണ് 400 കുട്ടികൾക്ക് പരിശീലനം നൽകുന്നത്. ശാസ്ത്രീയമായി കായിക പരിശീലനം നൽകുന്നതിന് 20 കുട്ടികൾക്ക് ഒരു പരിശീലകൻ എന്ന വ്യവസ്ഥയിൽ 20 പേരെ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ടൂർണമെന്റുകളിൽ വിദ്യാർത്ഥികളുടെ പെർഫോമൻസ് വിലയിരുത്തിയ സമിതി, 1975-ൽ ജി. വി. രാജ സ്പോർട്സ് സ്കൂൾ തുടങ്ങുമ്പോൾ സ്പോർട്സ് കൗൺസിലിന്റെ ശ്രദ്ധയുണ്ടായിരുന്നതുകൊണ്ട് നല്ല പെർഫോമൻസുണ്ടായിരുന്നെന്നും പത്ത് പതിനഞ്ച് വർഷം കഴിഞ്ഞപ്പോൾ പെർഫോമൻസ് കുറഞ്ഞുവെന്നും കണ്ടെത്തി. നിരവധി രാജ്യാന്തര താരങ്ങളുടെ വളർച്ചയ്ക്ക് സാക്ഷ്യംവഹിച്ച ജി. വി. രാജ സ്കൂളിന് ഒരു സ്പോർട്സ് സ്കൂളിന്റെ അവിഭാജ്യഘടകമായ കളിസ്ഥലങ്ങളുടെ പരിമിതിയും നിലവാരമില്ലായ്മയും നേരിടേണ്ടി വരുന്നത് ഖേദകരമാണ്. ശംഖുമുഖത്ത് 18 ഏക്കറിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ അരുവിക്കരയിലേക്ക് മാറ്റിയപ്പോൾ 12.5 ഏക്കർ സ്ഥലത്തായി സ്കൂളിന്റെ പ്രവർത്തനം പരിമിതപ്പെട്ടു. ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, തായ്കോണ്ടോ, ഹോക്കി, അത്‌ലറ്റിക്സ് തുടങ്ങി വ്യത്യസ്ത കായിക ഇനങ്ങളിലാണ് ജി. വി. രാജ സ്പോർട്സ് സ്കൂളിൽ പരിശീലനം നൽകിവരുന്നത്. സ്കൂളിന്റെ പഠന, താമസ, ഭക്ഷണ സംവിധാനങ്ങൾ ശരാശരി നിലവാരത്തിലുള്ളതാണ്. കളിസ്ഥലങ്ങളുടെ നിലവാരമില്ലായ്മയും കുറവും സ്കൂളിന്റെ ദൈനംദിന കായിക പരിശീലനത്തിനും കായിക പുരോഗതിക്കും തടസ്സമാകുന്നുണ്ട്. നൂറ് വിദ്യാർത്ഥികൾ പരിശീലിക്കുന്ന അത്‌ലറ്റിക്സിന് 3 ഹമില മാത്രമുള്ള ട്രാക്കാണ് നിലവിലുള്ളത്. കല്ലും മണ്ണും കുണ്ടും കുഴികളും നിറഞ്ഞ ട്രാക്കുകൾ സ്ഥിതിചെയ്യുന്നത് ശാസ്ത്രീയ മാനദണ്ഡത്തിന് വിപരീതമായ ദിശയിലാണ്. ഫുട്ബോൾ പരിശീലനത്തിന് പ്രത്യേകിച്ച് കളിസ്ഥലമില്ലാത്തതിനാൽ അത്‌ലറ്റിക്സ് ട്രാക്കിൽ പരിശീലനമില്ലാത്ത സമയത്താണ് ഫുട്ബോൾ പരിശീലനം. വടക്ക് തെക്ക് ദിശയ്ക്കുപകരം കിഴക്ക് പടിഞ്ഞാറ് ദിശയിൽ ട്രാക്കിൽ ഫുട്ബോൾ കോർട്ടായതിനാൽ ഫീൽഡ് ഈവന്റിലെ കളിക്കാർക്ക് പരിശീലനം നടത്തുവാൻ സാധിക്കാറില്ല. ഒരു ദേശീയ നിലവാരമുള്ള കോർട്ടിന് വേണ്ട അളവോ നിലവാരമോ ഇല്ലാത്ത ഹോക്കി കോർട്ടും സ്ഥിതി ചെയ്യുന്ന ദിശ ശരിയല്ല. ഏകദേശം 75 വിദ്യാർത്ഥികൾക്ക് പരിശീലിക്കുന്നതിന് കല്ലുകൾ നിറഞ്ഞ 2 വോളിബോൾ കോർട്ട് മാത്രമേ നിലവിലുള്ളൂ. 100-ലധികം വിദ്യാർത്ഥികൾ പരിശീലിക്കുന്ന ബാസ്കറ്റ് ബോൾ പരിശീലനത്തിന് നിലവിലുള്ള 2 കോർട്ടിൽ ഒന്ന് ഉപയോഗശൂന്യമാണ്. ക്രിക്കറ്റ് പരിശീലിക്കുന്നതിനായി നിലവിൽ സ്ഥലം ഇല്ല. പരിശീലന സൗകര്യങ്ങളുടെ കുറവ് കായിക താരങ്ങളുടെ പ്രകടനത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുമെന്ന് നിരീക്ഷിച്ച സമിതി കായിക താരങ്ങൾക്ക് അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് മെച്ചപ്പെട്ടതും ആവശ്യത്തിനനുസരിച്ചുള്ളതുമായ

കളിസ്ഥലങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ് എന്ന് അഭിപ്രായപ്പെട്ട ആയതിനാൽ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ, സിന്തറ്റിക് ട്രാക്ക്, അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഹോക്കി കോർട്ട്, ക്രിക്കറ്റ് കോർട്ട്, ആധുനിക സംവിധാനമുള്ള ബാസ്കറ്റ് ബോൾ കോർട്ട്, ഫുട്ബോൾ കോർട്ട്, വോളി ബോൾ കോർട്ട്, ഇൻഡോർ കോർട്ട്, ജിംനേഷ്യം എന്നിവ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. ജി.വി. രാജ സ്പോർട്സ് സ്കൂൾ ഹോസ്റ്റൽ നാലുനില ബിൽഡിംഗിൽ റൂമുകളായിട്ടാണ് തിരിച്ചിരിക്കുന്നത്. മുതിർന്ന അദ്ധ്യാപകർ/വാർഡൻ എന്നിവരുടെ കൃത്യമായ മേൽനോട്ടത്തിൽ കുട്ടികളെ റൂമുകളിൽ താമസിപ്പിക്കുന്നത് കുട്ടികൾക്കിടയിൽ സ്വഭാവ വൈകല്യങ്ങളുണ്ടാകുവാൻ കാരണമാകുമെന്നും അവ യഥാസമയം കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പരിമിതികളുണ്ടെന്നും ചിട്ടയായ പരിശീലനത്തിന് വിഘാതം സൃഷ്ടിക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഹോസ്റ്റലിൽ ഡോർമെട്രി സംവിധാനമാണ് അനുയോജ്യമെന്നും അല്ലെങ്കിൽ കൂടുതൽ വാർഡർമാരെ/ ട്യൂട്ടർമാരെ നിയമിച്ച് കുട്ടികളെ കൃത്യമായി വീക്ഷിച്ച് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണെന്നുമുള്ള സ്കൂളധികൃതരുടെ ആവശ്യം സമിതി പരിഗണിക്കുകയും വാർഡൻ/ട്യൂട്ടർ-തസ്തിക സൃഷ്ടിച്ച് പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കണമെന്നും അവരുടെ സേവനം 24 മണിക്കൂറും സ്കൂളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ജി.വി. രാജ സ്കൂൾ നാഷണൽ ഗെയിംസിന് പങ്കെടുക്കുന്നവർക്കായി വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗിക്കാത്ത നിലയിൽ സമിതിക്ക് സന്ദർശന വേളയിൽ കാണാൻ കഴിഞ്ഞു. പ്രസ്തുത ഫർണീച്ചറുകൾ വിദ്യാർത്ഥികളുടെ ആവശ്യാർത്ഥം ഉപയോഗിക്കുന്നതിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. സംസ്ഥാനത്ത് ഒരു മികച്ച സ്പോർട്സ് സ്കൂൾ എന്ന ആശയത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്പോർട്സ് സ്കൂൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കണമെന്നും ഒരു കാലത്ത് ഏഷ്യയിലെ തന്നെ മാതൃകാസ്ഥാപനമായിരുന്ന ജി. വി. രാജ സ്പോർട്സ് സ്കൂളിനെ കായിക കേരളത്തിന്റെ ഗരിമ ഉയർത്തുംവിധം രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. നിയമ, രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മേഖലകൾ കൂടാതെ കായിക മേഖലയിൽ അനേകം പ്രഗത്ഭരെ സംഭാവന ചെയ്ത വിദ്യാലയമാണ് കണ്ണൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഒളിമ്പ്യൻമാരായ വി. പി. സത്യൻ, പി. ടി. ഉഷ, ബോബി അലോഷ്യസ് മുതലായവർ കണ്ണൂർ സ്പോർട്സ് സ്കൂളിന്റെ സംഭാവനയാണ്.

സർക്കാരിന്റെയും കണ്ണൂരിന്റെ എല്ലാ സാമൂഹ്യ സാംസ്കാരിക പരിപാടികളുടെയും കേന്ദ്രമായി കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ പ്രവർത്തിക്കുന്നു. ദക്ഷിണേന്ത്യൻ ശാസ്ത്രമേള, സംസ്ഥാന സ്കൂൾ യുവജനോത്സവം, ജില്ലാ മേളകൾ, വിവിധ മത്സര പരീക്ഷകൾ എന്നിവയുടെ കേന്ദ്രമാണ് നഗര മധ്യത്തിൽ പ്രവർത്തിക്കുന്ന കണ്ണൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. 1861-ൽ സ്ഥാപിതമായ കണ്ണൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-ലാണ് 1976-ൽ സ്ഥാപിതമായ കണ്ണൂർ സ്പോർട്സ് ഡിവിഷൻ പ്രവർത്തിച്ചുവരുന്നത്. 8, 9, 10, ഹയർ സെക്കണ്ടറി എന്നീ ക്ലാസ്സുകളിലായി 190 പെൺകുട്ടികൾ ഇവിടെ താമസിച്ച് പഠിക്കുന്നുണ്ട്. വോളീബാൾ, ബാസ്കറ്റ് ബാൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, തായ്ക്കോണ്ടോ എന്നിവയിൽ ഈ സ്കൂൾ പരിശീലനം നൽകുന്നു.

13. 5-1-2017-ൽ സമിതി കണ്ണൂർ വി.എച്ച്.എസ്.എസ്. സന്ദർശിക്കുകയുണ്ടായി. 155 വർഷം പഴക്കമുള്ള പ്രസ്തുത സ്കൂൾ ഭൗതിക സാഹചര്യങ്ങളുടെ കുറവിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് തദവസരത്തിൽ സമിതിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടു. അടച്ചുറപ്പുള്ള ക്ലാസ്സ് മുറികളുടെ കുറവ്, അപര്യാപ്തമായ ഹോസ്റ്റൽ സൗകര്യങ്ങൾ, രൂക്ഷമായ കുടിവെള്ള ക്ഷാമം, ഓഫീസ് സൗകര്യങ്ങളുടെ അഭാവം എന്നിവയാൽ സ്കൂൾ ബുദ്ധിമുട്ടുന്നു. സ്കൂളിൽ പരിശീലകർ, ഹോസ്റ്റലിൽ വാർഡൻ, നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെ അഭാവമുണ്ട്. കായിക താരങ്ങളെ മുഴുവൻ സ്പോർട്സ് ഹോസ്റ്റലിൽ താമസിപ്പിക്കുന്നതിന് സൗകര്യമില്ലാത്തതിനാൽ 46 പേരെ യാത്രി നിവാസിലാണ് താമസിപ്പിച്ചിരിക്കുന്നതെന്നും ഒരു മുറിയിൽ 4 കുട്ടികൾക്ക് താമസിക്കുവാൻ സൗകര്യമുള്ള 12 മുറികളിലായി ഏതാണ്ട് 150 കുട്ടികളെ താമസിപ്പിച്ചിരിക്കുന്നതായും 20 ടോയ്‌ലെറ്റുകളിൽ 11 എണ്ണവും ഉപയോഗശൂന്യമാണെന്നും ഒരു കുട്ടിക്ക് ഭക്ഷണത്തിനായി നൽകുന്ന തുകയായ 150 രൂപ അപര്യാപ്തമാണെന്നും കണ്ണൂരിലെ സന്ദർശന വേളയിൽ സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു

14. പരിശീലകരുടെ അഭാവം, സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം, പരിശീലനത്തിന് പര്യാപ്തമല്ലാത്ത കളിസ്ഥലങ്ങൾ, സ്പോർട്സ് കിറ്റിന്റെ അഭാവം എന്നിവ പലപ്പോഴും കുട്ടികൾക്ക് ടൂർണമെന്റുകളിൽ പങ്കെടുക്കുന്നതിന് പര്യാപ്തമായ പരിശീലനം ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുന്നതായി സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു സ്കൂളിൽ പലപ്പോഴും വിവിധ മത്സര പരീക്ഷകൾ നടത്തുന്നത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതായും സ്കൂളിലും ഹോസ്റ്റലിലും അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നതായും ഹോസ്റ്റലുകളിൽ സ്ഥിരം വാർഡൻമാരില്ലാത്തത് ഹോസ്റ്റലിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

15. നഗരമധ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ ആയതിനാൽ കുട്ടികൾക്ക് റോഡ് മുറിച്ചുകടന്ന് രാവിലെയും വൈകുന്നേരവും പരിശീലനത്തിന് പോകേണ്ടി വരുന്നു. കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ സ്ഥിതി ചെയ്യുന്ന കെട്ടിടം ഏതാണ്ട് നൂറ്റി അൻപത്തിയഞ്ച് വർഷത്തോളം പഴക്കമുള്ളതായതിനാൽ പ്രസ്തുത കെട്ടിടങ്ങൾ സ്കൂളിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ല. 500-ൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന ജനറൽ സ്കൂളിൽ 190 കായിക താരങ്ങളും പഠിക്കുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ കുറവിൽ നിന്നുകൊണ്ടാണ്. ആയതിനാൽ ടി സ്കൂളിന്റെ പ്രവർത്തനത്തിന് യോജിച്ച രീതിയിലുള്ള കെട്ടിടത്തിന്റെയും മറ്റും മാസ്റ്റർ പ്ലാൻ അടിയന്തരമായി തയ്യാറാക്കി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. പ്ലേ ഗ്രൗണ്ടിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും കുറവ് അനുഭവപ്പെടുന്ന കണ്ണൂർ സ്പോർട്സ് സ്കൂൾ, സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള മുണ്ടയാട് സ്പോർട്സ് കോംപ്ലക്സിലേക്ക് മാറ്റുന്നത് സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുമെന്ന് സമിതി കരുതുന്നു. സ്പോർട്സ് സ്കൂളുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലുള്ള വെള്ളായണി കാർഷിക കോളേജ് കോമ്പൗണ്ടിൽ 1999-ൽ സർക്കാർ ഏർപ്പെട്ട ധാരണാപത്ര പ്രകാരം ലഭിച്ച 90 സെന്റ് ഭൂമിയിലാണ് നിർമ്മിച്ചിരിക്കുന്നത്. 200-ൽ അധികം വിദ്യാർത്ഥികൾ 5 മുതൽ 12 വരെ ക്ലാസ്സുകളിലായി അവിടെ പഠിക്കുന്നുണ്ട്. അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, ജിംനാസ്റ്റിക്സ്, റെസ്‌ലിംഗ്, തായ്ക്കോണ്ടോ എന്നീ ഇനങ്ങളാണ് അവിടെ പരിശീലിപ്പിക്കുന്നത്. നിരവധി കുട്ടികൾ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ തലത്തിൽ പങ്കെടുക്കുകയും മെഡലുകൾ നേടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന/ജില്ലാതല മത്സരങ്ങളിൽ സുബ്രതോ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ സ്കൂൾ അണ്ടർ 17 ഗേൾസ് ടീം സ്റ്റേറ്റ് ചാമ്പ്യനായിരുന്നു.

18. എസ്.സി. വകുപ്പിന്റെ കീഴിലുള്ള സ്കൂൾ ആണെങ്കിലും മറ്റ് സ്കൂളുകളെക്കാൾ പരിമിതമായ പരിതസ്ഥിതിയിലാണ് പ്രവർത്തിക്കുന്നത്. പരിശീലകർ, വാർഡൻമാർ എന്നിവരുടെ അഭാവം, കെട്ടിടങ്ങളുടെ കുറവ്, വിദ്യാർത്ഥികളുടെ കുടുംബങ്ങളിലെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ, മെസ് അലവൻസ്, പ്രൈസ് മണി, എന്നിവയുടെ അപര്യാപ്തത, എന്നിവ സ്കൂൾ നേരിടുന്ന പ്രശ്നങ്ങളാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സ്പോർട്സ് സ്കൂളിൽ തന്നെ നിശ്ചിത ക്വാട്ട അനുവദിച്ചുകൊണ്ട് മറ്റ് സ്കൂളുകളുമായി ടി സ്കൂളിനെ ലയിപ്പിക്കുന്നത് ടി വിദ്യാർത്ഥികൾക്ക്

മെച്ചപ്പെട്ട പരിശീലനവും സൗകര്യങ്ങളും നൽകുവാൻ സഹായകരമാകുമെന്ന് സമിതി കരുതുന്നു. അപ്രകാരമുള്ള നടപടി ടി വിഭാഗത്തിൽപ്പെട്ട കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും മികച്ച സാഹചര്യത്തിൽ കായിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുവാൻ അവരെ പ്രാപ്തരാക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചിത ക്വാട്ട അനുവദിച്ചുകൊണ്ട് ടി സ്കൂൾ മറ്റ് സ്പോർട്സ് സ്കൂളുകളുമായി ലയിപ്പിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. ജി.വി. രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിലും വൊക്കേഷണൽ ഹയർസെക്കന്ററി മാത്രമാണുള്ളത്. ഹയർ സെക്കന്ററി സ്കൂൾ കൂടി പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തുകയാണെങ്കിൽ ഹയർ സെക്കണ്ടറി പാഠ്യപദ്ധതിയിൽ പഠിക്കുവാൻ താല്പര്യമുള്ള കുട്ടികൾക്ക് അത് തെരഞ്ഞെടുക്കുവാൻ അവസരം ലഭിക്കുന്നതാണെന്ന ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ച് സമിതി വൊക്കേഷണൽ ഹയർ സെക്കണ്ടറിയോടൊപ്പം ഹയർ സെക്കണ്ടറി കൂടി സ്പോർട്സ് സ്കൂളുകളിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

20. പലപ്പോഴും ഹയർ സെക്കണ്ടറി സ്കൂളിൽ പ്രത്യേക അദ്ധ്യാപകരില്ലാത്തതിനാൽ ഹൈസ്കൂളിലെ കായികാദ്ധ്യാപകർ ഹയർ സെക്കണ്ടറിയിൽ കൂടി പഠിപ്പിക്കേണ്ടി വരുന്നു. എന്നാൽ അത്തരം സാഹചര്യത്തിൽ അദ്ധ്യാപകർക്ക് രണ്ട് വിഭാഗത്തിലെയും വിദ്യാർത്ഥികളെ വേണ്ടവിധത്തിൽ പരിശീലനം നൽകുവാൻ കഴിയാറില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. ഹൈസ്കൂളുകളിൽ അഞ്ച് ഡിവിഷനില്ലെങ്കിൽ കായിക അദ്ധ്യാപകരെ നിയമിക്കാറില്ല. അങ്ങനെ വരുമ്പോൾ രണ്ട് വിഭാഗത്തിലും അദ്ധ്യാപകരില്ലാതെ യാതൊരു ഫിസിക്കൽ ആക്ടിവിറ്റീസും നടക്കാത്ത സ്ഥിതിവിശേഷമുണ്ടാകും. ഈ സാഹചര്യം ഒഴിവാക്കുന്നതിനും കുട്ടികൾക്ക് കൃത്യമായ പരിശീലനം നൽകുവാനുമായി സ്കൂളുകളെ ക്ലബ്ബ് ചെയ്ത് ഹയർ സെക്കണ്ടറിക്കും ഹൈസ്കൂളുകൾക്കും കായികാധ്യാപക സേവനം ഉറപ്പാക്കുകയോ അല്ലെങ്കിൽ ഹയർ സെക്കണ്ടറിയിൽ ഒരു കായികാധ്യാപകനെ വിട്ടുകൊടുക്കുകയോ, അഞ്ച് ഡിവിഷൻ എന്ന പരിധി മാറ്റി കായികാദ്ധ്യാപകനെ നിയമിച്ച് സേവനം ഉറപ്പുവരുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. സ്കൂൾ തലത്തിലും കോളേജ് തലത്തിലും സ്പോർട്സിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് വെയിറ്റേജ് മാർക്ക് നൽകുന്നത് വിദ്യാർത്ഥികൾക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്ന പ്രധാനഘടകമാണ്. എന്നാൽ വിവിധ കോളേജുകൾ വ്യത്യസ്ത രീതിയിൽ വെയിറ്റേജ് നൽകുന്നതായി സമിതിയിൽ പരാതി ലഭിച്ചിരുന്നു. വ്യത്യസ്ത രീതിയിലുള്ള വെയിറ്റേജ് സമ്പ്രദായം അശാസ്ത്രീയമാണ്. ആയതിനാൽ സ്പോർട്സിൽ

മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാർത്ഥികളുടെ കോളേജ് പ്രവേശനത്തിന് നൽകുന്ന വെയിറ്റേജ് മാർക്കിന് കൃത്യമായ ഒരു മാനദണ്ഡം നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സ്റ്റേറ്റ് തലത്തിലുള്ള കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് പി.എസ്.സി. പരീക്ഷകളിലും ഉന്നതവിദ്യാഭ്യാസത്തിലും വെയിറ്റേജ് കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. കായിക രംഗത്ത് മികവു തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം ലഭ്യമാക്കേണ്ടത് അനിവാര്യ ഘടകമാണ്. കായിക താരങ്ങൾക്ക് ജോലി നൽകണമെന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കുന്നതിലൂടെ കായിക രംഗത്തു കൂടുതൽ പേരെ ആകർഷിക്കുവാനും കഴിയും. എന്നാൽ സംസ്ഥാനത്ത് സ്പോർട്സ് ക്വോട്ട നിയമനം 2010 മുതൽ പെന്റിംഗിലാണ് എന്നാണ് സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്. നാഷണൽ ഗെയിംസിന്റെ ഭാഗമായി 155 പേർക്കാണ് ജോലി കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്. വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ 68 പേരും ടീം ഇവന്റിൽ ആദ്യ രണ്ട് മെഡലുകൾ നേടിയ 83 പേർ അടക്കം 151 പേർക്ക് ജോലി കൊടുക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ടെന്ന് സമിതി മനസിലാക്കുന്നു.

24. സ്പോർട്സ് ക്വാട്ട നിയമനം വൈകുന്നത് കായികതാരങ്ങളുടെ സ്പോർട്സിനോടുള്ള പ്രതിബദ്ധതയെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്പോർട്സ് ക്വാട്ടയിൽ അതാതുവർഷംതന്നെ നിയമനം നൽകണമെന്നും അപ്രകാരം നിയമിക്കപ്പെടുന്നവരുടെ സേവനം അവരുടെ ആരോഗ്യം അനുവദിക്കുന്നിടത്തോളം/നിശ്ചിത പ്രായംവരെ നിർബന്ധമായും സ്പോർട്സ് മേഖലയിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം അവരുടെ സേവനം സ്പോർട്സ് മേഖലയിൽ ലഭ്യമാകുന്നിടത്തോളമുള്ള കാലയളവിൽ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനും പ്രൊമോഷൻ ലഭിക്കുന്നതിനുമുള്ള വ്യവസ്ഥകൾക്ക് ഇളവ് നൽകി സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്ന തരത്തിൽ നിയമനം നടത്തണമെന്നും എൽ.ഡി.സി. അടക്കമുള്ള എല്ലാ തസ്തികകളിലും നിശ്ചിത ശതമാനം സ്പോർട്സ് ക്വാട്ടയ്ക്കായി മാറ്റി വയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. സംസ്ഥാനത്ത് ഒരു വശത്ത് ധാരാളംപേർ സ്പോർട്സ് ക്വോട്ട നിയമനത്തിനായി കാത്തുനിൽക്കുമ്പോൾ മറുവശത്ത് സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ കായിക അദ്ധ്യാപകരുടെയും പരിശീലകരുടെയും അഭാവത്താൽ വിദ്യാർത്ഥികളുടെ കായിക വളർച്ച മുരടിക്കുന്നു. കൂടാതെ സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നവരുടെ സേവനം ഈ

മേഖലയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നമില്ല. ഇതിനൊരു പരിഹാരമെന്ന നിലയിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നവരുടെ സേവനം അവരുടെ കഴിവ് മുരടിച്ചുപോകാതെ കായികമേഖലയിൽത്തന്നെ ലഭ്യമാക്കുന്നതിനായി അവരുടെ നിയമന തസ്തികകളിലെ സേവനവേതന നിരക്കുകൾ സംരക്ഷിച്ചുകൊണ്ടുതന്നെ അവരെ സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ അദ്ധ്യാപകരായും പരിശീലകരായും നിയമനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സ്പോർട്സ് കൗൺസിൽ. യുവജനക്ഷേമ ബോർഡാണ് ജീവനക്കാരെ നിയമിക്കുന്നത്. കോൺട്രാക്ട് അടിസ്ഥാനത്തിലും ധാരാളം പേർ ജോലിചെയ്യുന്നുണ്ട്. സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ സംബന്ധിച്ച് പരാതികൾ ഒഴിവാക്കുന്നതിന് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ സഹായിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിനാവശ്യമായ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. എല്ലാ പഞ്ചായത്തിലും കളിസ്ഥലം നിർമ്മിക്കുന്നതിനും നിലനിർത്തുന്നതിനും പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുന്നതിനും ആവശ്യമായ ഗ്രാന്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുകയാണെങ്കിൽ സ്പോർട്സ് പരിശീലനം മെച്ചപ്പെടുത്തുന്നതിനും അതുവഴി എല്ലാ മേഖലകളിൽ നിന്നും കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയും. വ്യായാമത്തിലൂടെ മികച്ച ആരോഗ്യസ്ഥിതി കൈവരിക്കുന്നതിന് പ്രേരണ നൽകുന്നതിന് സഹായകമാകുന്ന ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതും അഭികാമ്യമാണ് എന്ന് സമിതി കരുതുന്നു. ആയതിനാൽ എല്ലാ പഞ്ചായത്തുകളിലും ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതു കൂടാതെ കളിസ്ഥലങ്ങളും നിർമ്മിച്ച് നൽകുന്നതിനും സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കായിക ഇൻസ്ട്രക്ടർമാരെ നിയമിച്ച് പരിശീലനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. നീന്തൽ വശമില്ലാത്തതിനാൽ ധാരാളം പേർ വെള്ളത്തിൽ മുങ്ങി മരിക്കുവാനിടയാകുന്നുണ്ട്. കുട്ടികളിൽ നീന്തൽ പരിശീലനം നടത്തുന്നതുവഴി വെള്ളത്തിൽ വീണു അപകടമരണം നടക്കുന്നത് ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതു കൂടാതെ നല്ലൊരു കായികവിനോദമായി വളർത്തിയെടുക്കുവാനും കഴിയും. ആയതിനാൽ എല്ലാ സ്പോർട്സ് സ്കൂളുകളിലും നീന്തൽ പരിശീലനം ആരംഭിക്കുന്നതു കൂടാതെ എല്ലാ പഞ്ചായത്തുകളിലും അതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കായിക ഭരണത്തിന് രണ്ട് ഏജൻസികളുള്ള ഏക ഇന്ത്യൻ സംസ്ഥാനമാണ് കേരളം. കായിക അസോസിയേഷൻകാരുടെ ഏകോപനവും പരിശീലനപരിപാടികളും സ്പോർട്സ് കൗൺസിലിനു കീഴിലും കായിക രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും പരിപാലിക്കുന്നതും കേന്ദ്രത്തിൽ നിന്നുള്ള ഭൂരിഭാഗം ഫണ്ടും കൈപ്പറ്റുന്നത് ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സും ആണ്. ഇത്തരത്തിൽ രണ്ട് ഏജൻസികളുടെ പ്രവർത്തനം അധിക സാമ്പത്തിക ചെലവിന് കാരണമാകുന്നത് കൂടാതെ ഇരു കായിക സമിതികളുടെയും ഏകോപനമില്ലായ്മ സ്പോർട്സ് മേഖലയിലെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുമുണ്ട്. ആയതിനാൽ, കായിക കേരളത്തിന്റെ വളർച്ചയ്ക്ക് രണ്ട് ഏജൻസികളും ഒരുമയോടെ പ്രവർത്തിക്കത്തക്ക വിധത്തിൽ അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ആരോഗ്യവും ചിന്താശക്തിയുമുള്ള പ്രതിഭകളെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസ വകുപ്പും കായിക യുവജനകാര്യ വകുപ്പും സംയുക്തമായി "കളിയിലൂടെ ആരോഗ്യം" പദ്ധതി സംഘടിപ്പിച്ചിട്ടുള്ളത്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് വ്യായാമം അത്യന്താപേക്ഷിതമാണ്. എന്നാൽ നഗരങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് കളിക്കുവാൻ വേണ്ടത്ര അവസരം ലഭിക്കാതെ വരുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുകയും എല്ലാ സ്കൂളുകളിലും 'കളിയിലൂടെ ആരോഗ്യം' പദ്ധതി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എല്ലാ സ്കൂളുകളിലും യോഗ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. സ്പോർട്സ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് സ്കൂളുകൾക്ക് പ്രത്യേക കരിക്കുലം രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. കായിക താരങ്ങൾ പരിശീലനത്തിലും മത്സരത്തിലുമേർപ്പെടുമ്പോഴുണ്ടാകുന്ന പരിക്കുകൾ ചികിത്സിക്കുന്നതിനുവേണ്ട സൗകര്യങ്ങളൊരുക്കേണ്ടത് സ്പോർട്സ് സ്കൂളുകളുടെ ഉത്തരവാദിത്വമാണ്. പലപ്പോഴും വിദ്യാർത്ഥികൾ അവരുടെ സ്വന്തം ചെലവിൽ വാഹനസൗകര്യം ഏർപ്പാടാക്കി വളരെ അകലെയുള്ള ആശുപത്രികളിലും മറ്റും ചികിത്സയ്ക്കായി പോകേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്പോർട്സ് സ്കൂളുകളിൽ തന്നെ ഡോക്ടർ, നഴ്സ്, ഡയറ്റീഷ്യൻ എന്നിവരുടെ സേവനം കൂടാതെ കായിക മത്സരങ്ങളിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന മാനസിക പിരിമുറുക്കവും സമ്മർദ്ദവും നേരിടുന്നതിന് പ്രാപ്തരാക്കുന്നതിനായി സൈക്കോളജിസ്റ്റിന്റെ സേവനവും നിർബന്ധമായും

ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്സ് മെഡിസിൻ ശാഖ സംസ്ഥാനത്തും ആരംഭിച്ച് വികസിപ്പിക്കുന്നതിനും നമ്മുടെ നാട്ടിലും സ്പോർട്സ് വിദ്യാർത്ഥികൾക്ക് അനുയോജ്യമായ മെഡിസിൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

33. കായികമേഖലയ്ക്കുവേണ്ടി കയ്യും മെയ്യും മറന്ന് പോരാടി മെഡലുകൾ നേടിയ പല താരങ്ങൾക്കും മത്സരത്തിനിടയിലും അല്ലാതെയും അപകടം പറ്റി ജോലി ചെയ്ത് ജീവിക്കുവാൻ പോലും കഴിയാത്ത അവസ്ഥയിൽ സ്പോർട്സ് കൗൺസിലും ബന്ധപ്പെട്ട അധികാരികളും സഹായം നൽകുന്നില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് സമിതിയിൽ ഹർജി ലഭിച്ചിട്ടുണ്ട്. ശാരീരിക അദ്ധ്വാനമുള്ള ജോലികൾ ചെയ്യുന്നതിന് കഴിയാത്ത തരത്തിലുള്ള അപകടം പറ്റുന്ന കായിക താരങ്ങൾക്ക് സഹായഹസ്തം നൽകേണ്ടത് അധികാരികളുടെ കടമയാണ്. ആയതിനാൽ അപകടം പറ്റുന്ന കായികതാരങ്ങൾക്ക് അടിയന്തര സഹായം നൽകണമെന്നും, സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനുതകുന്ന യോഗ്യതയുള്ളവർക്ക് ജോലി നൽകണമെന്നും എല്ലാ കായികതാരങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. ഫിസിക്കൽ എഡ്യൂക്കേഷനും സ്പോർട്സും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി രാജ്യത്തിന്റെ അഭിമാനം കാക്കുന്ന താരങ്ങളെ വളർത്തിയെടുക്കുവാൻ കഴിയുന്ന തരത്തിലുള്ള കായിക വിദ്യാഭ്യാസത്തിന് യോജിച്ച അന്തരീക്ഷമാണ് കേരളത്തിലുള്ളത്. സ്പോർട്സ് മേഖല വ്യവസായവത്ക്കരിക്കപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് SAI-ൽ വിവിധ കോഴ്സുകൾ നടത്തുന്നതുപോലെ കോഴ്സുകൾ ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സ്പോർട്സ് രംഗത്തിന്റെ വളർച്ച സാമ്പത്തിക നേട്ടത്തിനൊപ്പം അടിസ്ഥാന സൗകര്യത്തിന് വഴിയൊരുക്കുമെന്നു മാത്രമല്ല ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമാകും. ആയതിനാൽ, സ്പോർട്സ് സംബന്ധമായ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. കായിക മികവിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പ്രവേശനം നൽകേണ്ടതെങ്കിലും പലപ്പോഴും അക്കാഡമിക് മികവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നതെന്ന പരാതി നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായിക മികവിനെ മാനദണ്ഡമാക്കി വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള കായികയിനത്തിൽ പരിശീലനം നൽകുന്ന രീതിയിൽ പ്രവേശന നടപടികൾ ക്രമീകരിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. സ്പോർട്സ് സ്കൂളിൽ അക്കാഡമിക് വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് കായിക മികവിനെ ബാധിക്കുമെന്നതിനാൽ പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടത് അത്യാവശ്യമാണ്. പലപ്പോഴും വാർഷിക പരീക്ഷകളും കായിക മത്സരങ്ങളും അടുത്തടുത്ത് വരുന്നത് കുട്ടികളുടെ പരിശീലനത്തെ പ്രതികൂലമായി ബാധിക്കുന്നതിനും കാരണമാകുന്നുണ്ട്. ആയതിനാൽ സംസ്ഥാനത്തെ അക്കാഡമിക് പരീക്ഷകളും ദേശീയ സ്പോർട്സ് മീറ്റുകളും ഒരേ സമയം വരാത്തവിധം വാർഷിക പരീക്ഷയുടെ കലണ്ടർ തയ്യാറാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

37. അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിൽ സ്കൂളിൽ പരിശീലകരുടെ കുറവും പരിശീലന ഉപകരണങ്ങളുടെ കുറവും നേരിടുന്നതായി സമിതി സ്കൂൾ സന്ദർശനവേളയിൽ മനസ്സിലാക്കി. ആയതിനാൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് സ്കൂളുകളിൽ ആവശ്യമായ സ്ഥിരം പരിശീലകരുടെ തസ്തിക സൃഷ്ടിച്ച് വിദഗ്ദ്ധ പരിശീലകരെ നിയമിക്കണമെന്നും പരിശീലന ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

38. സ്പോർട്സ് സ്കൂളുകളിലെ പല കുട്ടികൾക്കും പോക്കറ്റ് മണി ലഭിക്കുന്നില്ലായെന്ന് സമിതിക്ക് പരാതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ സ്പോർട്സ് സ്കൂളുകളിലെ ഹൈസ്കൂൾ/ഹയർ സെക്കൻററി കുട്ടികൾക്കും പോക്കറ്റ് മണി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. ചില സ്പോർട്സ് സ്കൂളുകളിൽ വിദ്യാർത്ഥികളെ സ്കൂളിന് പുറത്തുള്ള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത ചില ക്ലബ്ബുകൾക്കുവേണ്ടി കളിക്കുവാൻ പ്രേരിപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ബന്ധപ്പെട്ടവരിൽനിന്നും സമിതി തെളിവെടുത്തപ്പോൾ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ചില അസോസിയേഷനുകൾ തമ്മിലുള്ള തർക്കമാണ് പ്രസ്തുത പരാതികൾക്ക് ആസ്പദമായതെന്ന് സ്കൂളധികൃതർ സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ അസോസിയേഷനുകൾക്ക് അംഗീകാരം നൽകുന്നതിന് സ്പോർട്സ് കൗൺസിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കണമെന്നും കഴിവതും സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ലഭിച്ച അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന ടൂർണമെന്റുകളിൽ മാത്രമേ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കേണ്ടതുള്ളു എന്നും സമിതി നിർദ്ദേശിക്കുന്നു.

40. സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി നിലവാരം കൂട്ടണമെന്നും അതോടൊപ്പം ലോകോത്തര നിലവാരത്തിലുള്ള

മികച്ച ഒരു സ്കൂളിന്റെ വിശദാംശങ്ങൾ ശേഖരിച്ച് ആധുനിക രീതിയിൽ എല്ലാ സ്പോർട്സ് ഇനങ്ങളെയും പരിശീലിപ്പിക്കുവാൻ കഴിയുന്ന അത്യാധുനിക സ്കൂളെന്ന കൺസെപ്റ്റ് ഉണ്ടാക്കി 100 ഏക്കർ സ്ഥലം കണ്ടെത്തി പുതിയൊരു സ്കൂൾ ആരംഭിക്കുന്നതിനോ നിലവിലുള്ളവയെ അപ്രകാരം മാറ്റം വരുത്തുന്നതിനോ ശ്രമിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു.

41. സ്പോർട്സ് സ്കൂളുകൾക്ക് ബജറ്റ് വിഹിതമായും ഗ്രാന്റായും അനുവദിക്കുന്ന തുക സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് ഫണ്ട് ദുരുപയോഗം ഒഴിവാക്കുന്നതിനും ഫണ്ട് ലാപ്സാകാതിരിക്കുന്നതിനും അത്യാവശ്യമാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് മോണിറ്ററിംഗ് അതോറിറ്റിയെ ചുമതലപ്പെടുത്തണമെന്നും കൃത്യമായ ആഡിറ്റിംഗ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇപ്രകാരം ചുമതലപ്പെടുത്തുന്ന അതോറിറ്റി ഫണ്ട് കൈപ്പറ്റിയതും വിവിധ ആവശ്യങ്ങൾക്കായി ചെലവാക്കിയതും സംബന്ധിച്ച് ആഡിറ്റ് രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമല്ലാതെ കുട്ടികളുടെ ആകെ എണ്ണവും അവരുടെ പ്രകടന നിലവാരത്തിന്റേയും അടിസ്ഥാനത്തിൽ പരിശോധിക്കണമെന്നും തുടർനടപടികൾ കൈക്കൊള്ളണമന്നും സമിതി നിർദ്ദേശിക്കുന്നു.

42. സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിൽ ഗവൺമെന്റ് നൽകി വരുന്ന ധനസഹായം പര്യാപ്തമല്ല. അതിനായി കൂടുതൽ ധനസമാഹരണം നടത്തേണ്ടതായിട്ടുണ്ട്. സ്പോർട്സ് വികസനത്തിന് ആവശ്യമായ മൂലധനം ലഭിക്കുന്നതിനായി സ്പോർട്സ് സെസ് ഏർപ്പെടുത്തി ധനസമാഹരണം നടത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 28 ഹോസ്റ്റലുകളാണ് ഉള്ളത്. അതിൽ തിരുവനന്തപുരം ജില്ലയിൽ 6 സെൻട്രലൈസ്ഡ് ഹോസ്ററലുകളാണ് ഉള്ളത്. അവ താഴെപ്പറയും പ്രകാരമാണ്. അവിടെ വിവിധയിനങ്ങളിലുള്ള കായിക പരിശീലനങ്ങൾ നടത്തുന്നു.

(1) വെള്ളായണി സെൻട്രലൈസ്ഡ് ഹോസ്ററൽ-കനോയിംഗ്, Rowing, കയാകിങ്

(2) തുണ്ടത്തിൽ സെൻട്രലൈസ്ഡ് ഹോസ്ററൽ - Cycling & Swimming

(3) പിരപ്പൻകോട് സെൻട്രലൈസ്ഡ് ഹോസ്ററൽ - Swimming

(4) നന്ദിയോട് സെൻട്രലൈസ്ഡ് ഹോസ്റ്റൽ - Swimming, Rowing

(5) ആറ്റിങ്ങൽ സെൻട്രലൈസ്ഡ് ഹോസ്റ്റൽ-Taikonda, Kho Kho, Boxing, Wrestling

(6) യൂണിവേഴ്സിറ്റി സെൻട്രലൈസ്ഡ് ഹോസ്റ്റൽ-Athletics, Foot Ball & Hand Ball.

44. സ്പോർട്സ് ഹോസ്റ്റലുകളുടെ മോശമായ പ്രവർത്തനം സംബന്ധിച്ചും സമിതി മുമ്പാകെ പരാതികൾ ലഭിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആവശ്യത്തിന് പഠനമുറി, ഓരോ മുറിയിലും അനുവദനീയമായ കട്ടിൽ, മെത്ത, ഫാൻ, ലൈറ്റ്, മുറികളിലെ ജനലുകളിൽ കർട്ടൺ, എന്നിവ അനുവദിക്കുക, ശുചിമുറികളുടെ അറ്റകുറ്റപ്പണി നടത്തുക, റൂമുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ടോയ്ലെറ്റുകളുടെ നിർമ്മാണം ശാസ്ത്രീയമായ രീതിയിൽ ചെയ്യുക, ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക, പഴകിയതും ആരോഗ്യകരമല്ലാത്തതുമായ ആഹാരസാധനങ്ങൾ ഒഴിവാക്കുക, കായിക താരങ്ങൾക്ക് അനുയോജ്യമായ രീതിയിൽ മെനു നിശ്ചയിക്കുക, എന്നീ കാര്യങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

45. മിക്ക സ്പോർട്സ് ഹോസ്റ്റലുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി നിലവിൽ ഓരോ വാർഡനാണ് ഉള്ളത്. വാർഡൻ പുറത്തുപോകുകയോ അവധി എടുക്കുകയോ ചെയ്താൽ ഹോസ്റ്റൽ ചുമതല ഏൽക്കുവാൻ ആളില്ലാത്ത അവസ്ഥയുണ്ടാകുന്നു. വിദ്യാർത്ഥികൾക്ക് ശരിയായ ഭക്ഷണം, പഠനം, അച്ചടക്കം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുവാനായി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി വാർഡന്മാരെ നിയമിക്കണമെന്നും കായിക മേഖലയിൽ പരിചയമുള്ളവർക്ക് നിയമനത്തിൽ മുൻഗണന നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

46. സ്പോർട്സ് ഹോസ്റ്റലുകളിലെ ഭക്ഷണ വിതരണം സംബന്ധിച്ച് ധാരാളം വിദ്യാർത്ഥികൾ സമിതി മുമ്പാകെ പരാതി രേഖപ്പെടുത്തിയിരുന്നു. പഴകിയ സാധനങ്ങൾ ഉപയോഗിച്ച് വൃത്തിഹീനമായ ചുറ്റുപാടുകളിൽ പാചകം ചെയ്ത ഭക്ഷണം, വിതരണം ചെയ്തതുവഴി ഭക്ഷ്യവിഷബാധമൂലം ധാരാളം കുട്ടികൾ ആശുപത്രിയിലായ സംഭവങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഭക്ഷണം കായിക വിദ്യാർത്ഥികൾക്ക് പലപ്പോഴും പര്യാപ്തമല്ലായെന്ന് വിദ്യാർത്ഥികൾ സമിതിയെ ധരിപ്പിച്ചു. ഉച്ചഭക്ഷണം തന്നെ പലപ്പോഴും രാത്രി ഭക്ഷണമായും നൽകുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായും മുട്ടനും പഴവർഗ്ഗങ്ങളുടെ ജ്യൂസും ഭക്ഷണത്തിൽ ഉൾപ്പെടുത്താറില്ലെന്നും, മെസ്സിലെ ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ലാത്ത അവസ്ഥയിലാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ദിവസവും 4 മുതൽ 5 മണിക്കൂർവരെ കായിക പരിശീലനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക്

അവരുടെ കായികാധ്വാനത്തിനനുസരിച്ച് ആഹാരം ഉറപ്പാക്കേണ്ടതുണ്ട്. കായികാധ്വാനം കൂടുതൽ വേണ്ടിവരുന്ന കായിക ഇനം പരിശീലിക്കുന്ന കുട്ടികൾക്ക് അതിനനുസരിച്ചുള്ള ഭക്ഷണം ക്രമീകരിക്കേണ്ടതുമുണ്ട്.

47. ഒരു കായിക വിദ്യാർത്ഥിക്ക് നിലവിൽ 150 രൂപയുടെ മെനുവാണ് നൽകിവരുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഒരു കുട്ടിക്ക് നിലവിൽ നൽകിവരുന്ന മെനു 150 രൂപയിൽ നിന്നും 200 രൂപയായി വർദ്ധിപ്പിക്കണമെന്നും പ്രസ്തുത തുകയിൽ നിന്നും ജീവനക്കാരുടെ ശമ്പളം, ഇന്ധനത്തിന്റെ ചെലവ് എന്നിവ ഈടാക്കുന്നത് ഒഴിവാക്കി ജീവനക്കാരുടെ ശമ്പള ഇനത്തിലും ഇന്ധന ചെലവിലേക്കുമായി ആവശ്യമായ തുക പ്രത്യേകമായി കണ്ടെത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. ഹോസ്റ്റലുകളുടെ പ്രവർത്തനം സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് പരാതി ബോധിപ്പിക്കുവാൻ അവസരമൊരുക്കണമെന്നും അതിനായി ഗ്രീവൻസ് സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില ഹോസ്റ്റലുകളിൽ സാമ്പത്തിക ക്രമക്കേട് നടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കുട്ടികളുടെ എണ്ണം കൂടുതൽ കാണിച്ച് ഫുഡ് അലവൻസ് കൈപ്പറ്റുക, കായിക ഉപകരണങ്ങൾ വാങ്ങിയതായി വ്യാജരേഖയുണ്ടാക്കി പണം കൈപ്പറ്റുക എന്നീ പ്രവണതകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. സ്പോർട്സിനായി നാം മാറ്റി വയ്ക്കുന്ന തുകകൊണ്ട് ലക്ഷ്യം നേടിയെടുക്കണമെങ്കിൽ അത്യന്തം സൂക്ഷ്മതയോടെയും ഉത്തരവാദിത്വത്തോടെയും ലക്ഷ്യവും പണവും കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിന് 1,68,70,754 രൂപയും, ജി.വി.രാജ സ്പോർട്സ് സ്കൂളിന് 5,50,00,000 രൂപയും ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ ടി സ്കൂളുകൾക്ക് യഥാക്രമം 10 കോടി, 7 കോടി എന്നിങ്ങനെ പ്രൊവിഷൻ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസും ഹോസ്റ്റൽ ഫെസിലിറ്റീസുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രസ്തുത മേജർ സ്കീമിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ആയതിനാൽ സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ട് യഥാസമയം വിനിയോഗിച്ച് സൗകര്യങ്ങൾ സമയബന്ധിതമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

50. സ്പോർട്സ് സ്കൂളുകളിൽ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനും കായിക മേളയിൽ പങ്കെടുക്കുവാനും പരിശീലനത്തിനുമായി വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥലങ്ങളിലേയ്ക്കും സ്റ്റേറ്റുകളിലേയ്ക്കും പോകേണ്ട സാഹചര്യമുണ്ട്. അത്തരം സന്ദർഭങ്ങളിൽ പലപ്പോഴും വിദ്യാർത്ഥികൾക്ക് യാത്രാചെലവ് സ്വന്തമായി വഹിക്കേണ്ടിവരുന്നതായി

സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കായികമേളകളിലും പരിശീലന പരിപാടികളിലും പങ്കെടുക്കുന്നതു കായിക മികവ് മെച്ചപ്പെടുത്തുവാൻ അത്യന്താപേക്ഷിതമാണെന്നിരിക്കെ വിദ്യാർത്ഥികളെ അതിൽ നിർബന്ധമായും പങ്കെടുപ്പിക്കണമെന്നും അതിനായി യാത്രാസൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ആവശ്യമാണെന്നും സമിതി വീക്ഷിക്കുന്നു. അതിനായി വിദ്യാർത്ഥികൾക്ക് യാത്ര ചെയ്യുന്നതിനായി വാഹനസൗകര്യം ഒരുക്കേണ്ടതാണ്. ആയതിലേക്കായി വിദ്യാർത്ഥികളുടെ എണ്ണം മാനദണ്ഡമാക്കി സ്പോർട്സ് സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

51. സ്റ്റേറ്റ്, നാഷണൽ ലെവൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക വിദ്യാർത്ഥികൾക്ക് ടൂർണമെന്റുകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ചെലവ് വഹിക്കുന്നത് സംബന്ധിച്ചും യാത്രയ്ക്കാവശ്യമായ ട്രെയിൻ ടിക്കറ്റ്, വിദ്യാർത്ഥികൾക്ക് നൽകുന്ന ടി.എ./ഡി.എ. എന്നിവയെപ്പറ്റിയും ധാരാളം പരാതികൾ നിലനിൽക്കുന്നതായി സമിതി സന്ദർശനവേളയിൽ മനസ്സിലാക്കിയിട്ടുണ്ട്. ആയതിനാൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ചെലവ്, യാത്രയ്ക്കുള്ള ടിക്കറ്റ് ഉറപ്പുവരുത്തൽ, സംസ്ഥാന/ജില്ലാ/സബ് ജില്ല/മറ്റ് ടൂർണമെന്റുകളിൽ പങ്കെടുക്കുന്ന കായിക വിദ്യാർത്ഥികൾക്കും T.A./D.A. എന്നിവ ഉറപ്പാക്കുവാനും അത് യഥാസമയം നൽകുവാനും ബന്ധപ്പെട്ടവർ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മത്സരങ്ങൾ തുടങ്ങുന്നതിന് മുമ്പ് പ്രസ്തുത സ്ഥലത്തെ കാലാവസ്ഥയുമായി പൊരുത്തപ്പെടുന്നതിനും അവിടെ പരിശീലനം നടത്തുന്നതിനും ആവശ്യമായ സമയം ലഭിക്കത്തക്കവണ്ണം മത്സരം നടക്കുന്ന സ്ഥലത്ത് നേരത്തേ എത്തിച്ചേരുന്ന വിധത്തിൽ യാത്രാക്രമീകരണം നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

52. സംസ്ഥാന സ്കൂൾ മീറ്റിൽ നൽകിവരുന്ന സമ്മാനത്തുക ഒന്നാം സ്ഥാനത്തിന് 1500 രൂപയെന്നത് 2,000 ആയും രണ്ടാം സ്ഥാനത്തിന് 1,250 രൂപയെന്നത് 1,500 ആയും മൂന്നാം സ്ഥാനത്തിന് 1,000 രൂപയെന്നത് 1,200 രൂപയായും വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം സംസ്ഥാന മീറ്റിൽ റെക്കോർഡ് നേടിയർക്ക് 2,000 രൂപയെന്നത് 4,000 രൂപയായും ദേശീയ മീറ്റിൽ റെക്കോർഡ് നേടിയവർക്കുള്ള 10,000 രൂപ 20,000 രൂപയായും മികച്ച സ്കൂളിന് 2,50,000 രണ്ടാമത്തെ മികച്ച സ്കൂളിന് 1,80,000 മൂന്നാമത്തെ സ്കൂളിന് 1,40,000 എന്നിങ്ങനെ വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ദേശീയ ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻസ്ഷിപ്പും സംസ്ഥാന സ്കൂൾ സബ്ജില്ലാ കായികമേളയും ഒരേ സമയം സംഘടിപ്പിക്കുന്നതിനാൽ ദേശീയ ജൂനിയർ മീറ്റിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് സംസ്ഥാന ജൂനിയർ മീറ്റിൽ പങ്കെടുക്കുവാൻ

സാധിക്കാതെ വരുന്നുണ്ട്. ഇത്തരം സന്ദർഭം ഒഴിവാക്കാനായി ദേശീയ/സംസ്ഥാന സ്കൂൾ മീറ്റുകൾ ഒരേ സമയത്ത് വരാത്തവിധത്തിൽ മത്സരങ്ങൾ പുന:ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. യു.പി. തലംമുതൽ വിദ്യാർത്ഥികളുടെ ശാരീരികവും കായികവുമായ ശേഷി കണ്ടെത്തി ഇവരിൽ മികവ് പുലർത്തുന്നവർക്ക് സാങ്കേതികവും ശാസ്ത്രീയവുമായ പരിശീലനം നൽകി പ്രാഗത്ഭ്യമുള്ള താരങ്ങളെ വളർത്തിയെടുക്കുന്നതിന് "ശാരീരിക ക്ഷമതാ പദ്ധതി " നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

55. കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർ ഉത്തേജകമരുന്ന് ഉപയോഗിക്കുന്നതായി ആരോപണങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ടി മരുന്നുകളുടെ ഉപയോഗം കണ്ടുപിടിക്കുന്നതിനായുള്ള ഡോപ്പിംഗ് ടെസ്റ്റ് സൗകര്യം കേരളത്തിൽ ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ ഡോപ്പിംഗ് ടെസ്റ്റ് ലാബ് സംവിധാനം കേരളത്തിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. കേരളത്തിന്റെ കായിക ചരിത്രം ആലേഖനം ചെയ്ത് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും കായിക താരങ്ങൾക്ക് ലഭ്യമായ പുരസ്കാരങ്ങൾ, പ്രമുഖരുടെ ഫോട്ടോകൾ, ഛായാചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും ഒരു സ്പോർട്സ് മ്യൂസിയം സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

57. യുവജനങ്ങളെ കൂടുതലായി സ്പോർട്സ്, അഡ്വഞ്ചർ മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്ഥാപിച്ച ഇടുക്കിയിലെ അഡ്വഞ്ചർ അക്കാദമിയും സമിതി പഠനഭാഗമായി സന്ദർശിക്കുകയുണ്ടായി. സാഹസിക കായിക വിനോദത്തിന് പ്രോത്സാഹനം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അഡ്വഞ്ചർ അക്കാഡമി എന്ന സ്ഥാപനം 2000-ൽ ഇടുക്കി ജില്ലയിൽ കേരള യൂത്ത് വെൽഫെയർ ബോർഡിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചത്. ഇടുക്കി ജില്ലയിലെ മൂന്നാറിൽ അക്കാഡമിയുടെ പ്രധാന സെന്ററും കണ്ണൂർ മുഴപ്പിലങ്ങാട് ബീച്ചിനോട് ചേർന്ന് ഒരു സബ്സെന്ററുമാണ് പ്രവർത്തിക്കുന്നത്. മൂന്ന് രീതിയിലുള്ള സാഹസിക കായിക വിനോദമാണ് അക്കാഡമിയിൽ പരിശീലിപ്പിക്കുന്നത്. ലാന്റ് അഡ്വഞ്ചർ, വാട്ടർ അഡ്വഞ്ചർ, എയർ അഡ്വഞ്ചർ ഇതിനു പുറമേ ആർച്ചറി പരിശീലിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. ട്രക്കിംഗ്, റോപ്പ്ക്ലൈമ്പിംഗ് സ്ലോ ബൈക്ക് റേസ്, ബീച്ച് മാരത്തോൺ, വാട്ടർ സ്കൂട്ടർ, ബോട്ട് റേസ്, പാരാസൈക്ലിംഗ്, നീന്തൽ, റോപ്പ് റിവർ ക്രോസിംഗ്, യോഗ , ദുരന്ത

നിവാരണ ക്ലാസ്, സ്ത്രീ സുരക്ഷാ പരിശീലനം, ഗ്ലൈഡർ/ബലൂൺ പറപ്പിക്കൽ തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നൽകിവരുന്നു. പർവ്വതാരോഹണവുമായി ബന്ധപ്പെട്ട ട്രെയിനിംഗിന് യൂത്ത് ക്ലബ്ബുകൾ വഴി അപേക്ഷിക്കുന്നവർക്ക് സംസ്ഥാന യുവജന ക്ഷേമ ബോർഡ് ശിപാർശ ചെയ്യുന്നതനുസരിച്ചുള്ള ചെറിയ പരിശീലനങ്ങളാണ് നടക്കുന്നത്.

58. സംസ്ഥാനത്തെ അഡ്വഞ്ചർ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുവാനായി പാക്കേജ് ടൂറുകൾ സംഘടിപ്പിക്കുന്നത് ഉചിതമാകുമെന്ന് വിലയിരുത്തിയ സമിതി, ഒരു ചെറിയ തുക ഫീസായി ഈടാക്കിക്കൊണ്ട് പത്ത് ദിവസത്തെ പാക്കേജ് നടപ്പിലാക്കണമെന്നും അതിൽ ഭക്ഷണം, താമസിക്കുവാനുള്ള ടെന്റ്, തുടങ്ങിയ സൗകര്യങ്ങളെല്ലാം ലഭ്യമാക്കുന്നതു കൂടാതെ ട്രക്കിംഗ്, മൗണ്ടനേയിറിംഗ്, വൈൽഡ് ലൈഫ് ഫോട്ടോഗ്രഫി എന്നിവയിലുള്ള പരിശീലനംകൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത പാക്കേജ് ട്രെയിനിംഗ് പ്രോഗ്രാമിനായി തിരുവനന്തപുരത്തെ ആനമുടി, പൊന്മുടി, കണ്ണൂരിലെ പൈതൽമല, റാണിപുരം, വയനാട്ടുള്ള ഇടയ്ക്കൽ ഗുഹ എന്നീ സ്ഥലങ്ങൾ തെരഞ്ഞെടുക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

59. കേരളത്തിൽ അഡ്വഞ്ചർ സ്പോർട്സ് വികസിപ്പിക്കുവാൻ കഴിയണമെങ്കിൽ മൗണ്ടനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതുണ്ടെന്നും ഒരു ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ ഇന്ത്യയിലെ മറ്റ് മൗണ്ടനിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലുള്ള കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടി ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഐ.എം.എഫ്.-ന്റെ കീഴിലുള്ള സ്ഥാപനങ്ങളുമായി പ്രസ്തുത അഡ്വഞ്ചർ അക്കാഡമി ക്ലബ് ചെയ്ത് കൊണ്ട് ഐസ് ക്ലൈംബിംഗ് ഉൾപ്പെടെയുള്ളതിൽ താല്പര്യമുള്ളവർക്ക് അതിനുള്ള സാഹചര്യം ഒരുക്കണമെന്നും ഏറ്റവും ആധുനികമായ ശാസ്ത്രീയ പരിശീലനത്തിനുള്ള എല്ലാ എക്യുപ്മെന്റ്സും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ ടൂറിസം വികസനത്തിന് ഉത്തേജകമാകും എന്നതിനാൽ ടൂറിസം വകുപ്പുമായി കൂടിച്ചേർന്ന് ഇക്കാര്യങ്ങൾ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

60. മൗണ്ടനീയറിംഗിന് താല്പര്യമുള്ള ആളുകളെ പ്രോത്സാഹിപ്പിക്കുവാനായി പരിശീലനത്തിനാവശ്യമായ സാമ്പത്തിക ചെലവിന്റെ നിശ്ചിത ശതമാനം തുക യുവജനക്ഷേമബോർഡ് സ്പോൺസർ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. അഡ്വഞ്ചർ അക്കാഡമിയുടെ കണ്ണൂർ സബ്സെന്ററിന്റെ കെട്ടിടം രണ്ട് തവണ കടലാക്രമണത്തിൽപ്പെടുകയും നിലവിൽ ഓഫീസായി ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയിലുമാണ്. ആയതിനാൽ മുഴിപ്പിലങ്ങാട് അഡ്വഞ്ചർ അക്കാഡമി

പുനരുദ്ധാരണത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി മികച്ച ആധുനിക രീതിയിൽ ഓഫീസ്, സ്റ്റോർ റൂം, ട്രെയിനിംഗ് ഹാൾ എന്നിവ ഉൾപ്പെടെ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. മൂന്നാറിലെ അഡ്വഞ്ചർ അക്കാഡമിയിൽ അവധിക്കാല കോച്ചിംഗ് ക്യാമ്പ് നടത്തണമെന്ന കുട്ടികളുടെ ആവശ്യം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ പരിശീലനത്തിനാവശ്യമായ എക്യുപ്മെന്റ്സിന്റെ കുറവ് നേരിടുന്നുണ്ട്. ആയതിനാൽ നാഷണൽ ഗെയിംസിന്റെ ആവശ്യത്തിന് വാങ്ങിയ മോഡേൺ എക്യുപ്മെന്റ്സ് അഡ്വഞ്ചർ അക്കാഡമിക്ക് കൈമാറുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

63. അഡ്വഞ്ചർ സ്പോർട്സ് വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് അഡ്വഞ്ചർ അക്കാഡമിയെ സ്പോർട്സ് വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. കേരളത്തിൽ പല ഭാഗങ്ങളിലും അനധികൃത സാഹസിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. അങ്ങനെ സംഘടിപ്പിക്കുന്ന സാഹസിക പരിപാടികൾ കൂടാതെ സ്പോർട്സ് കൗൺസിൽ സംഘടിപ്പിക്കുന്ന മൗണ്ടനീയറിംഗ് പരിശീലന പരിപാടികളും സുരക്ഷിതത്വത്തോടെ അക്കാഡമി മേൽനോട്ടത്തിൽ നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും അക്കാഡമി സംഘടിപ്പിക്കുന്ന സാഹസിക പരിശീലന പരിപാടികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സർക്കാർ അംഗീകാരം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

65. അത്ലറ്റിക്സ്, ഗെയിംസ് തുടങ്ങിയ കാര്യങ്ങളിൽ താമസിച്ച് പരിശീലനം നേടുവാൻ പര്യാപ്തമായ രീതിയിൽ സ്ഥാപിതമായ മൂന്നാറിലുള്ള ഹൈ ആൾട്ടിറ്റ്യൂട് സ്റ്റേഡിയവും സമിതി സന്ദർശിക്കുകയുണ്ടായി. സംസ്ഥാനത്ത് ആകെയുള്ള ഹൈ ആൾട്ടിറ്റ്യൂട് സ്റ്റേഡിയമാണ് ഇത്. ഈ സ്ഥാപനത്തിന്റെ അത്യന്തം ശോചനീയമായ അവസ്ഥ നേരിട്ട് സമിതിക്ക് ബോധ്യപ്പെട്ടു. ഈ ട്രെയിനിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം സാധ്യമാക്കാനുതകുന്നതരത്തിൽ അതിന്റെ അടിയന്തര നവീകരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത ട്രെയിനിംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്ക്, മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം എന്നിവ ഉൾപ്പെടുന്ന എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു സ്പോർട്സ് കോംപ്ലക്സ് ആക്കി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. വൈദ്യുതി/ജലസേചന വകുപ്പുകളിൻ കീഴിലുള്ള ഡാമുകൾ കേന്ദ്രീകരിച്ചുകൊണ്ട് നീന്തൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. സമിതി പാട്യാലയിലെ നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്ന സ്ഥാപനം സന്ദർശിക്കുകയും അവിടെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 260 ഏക്കർ സ്ഥിതി ചെയ്യുന്ന പാട്യാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് 1961 മേയ് 7-നാണ് ഉദ്ഘാടനം ചെയ്തത്. തുടർന്ന് നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഓർമ്മയ്ക്കായി 1973-ൽ നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്ന് പുനർനാമകരണം ചെയ്തു. 1987-ൽ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ഈ ഇൻസ്റ്റിറ്റ്യൂട്ട് ലയിപ്പിച്ചു. ഹ്രസ്വകാലയളവിലേയ്ക്കും ദീർഘകാലയളവിലേയ്ക്കുമുള്ള അക്കാഡമിക് പ്രോഗ്രാമുകൾ കോൺഫറൻസുകൾ, സെമിനാറുകൾ, സ്പോർട്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വർക്ക്ഷോപ്പ് എന്നിവ നടത്തുക, സ്പോർട്സ് താരങ്ങളെ അന്താരാഷ്ട്ര മൽസരങ്ങളിലേയ്ക്ക് പരിശീലിപ്പിക്കുക എന്നിവയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ. 83 കോച്ചുകൾ ഉൾപ്പെടെ 203 സ്റ്റാഫുകൾ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. ഔട്ട്ഡോർ ഇൻഫ്രാസ്ട്രക്ച്ചറിനായി 30 ട്രാക്കുകളും കൂടാതെ ബാസ്ക്കറ്റ് ബോൾ കോർട്ട്, ക്രിക്കറ്റ് ഗ്രൗണ്ട്, ഫുട്ബോൾ, ഹോക്കി എന്നിവയ്ക്കുള്ള ഫീൽഡ്, ടെന്നീസ് കോർട്ട്, വോളിബോൾ കോർട്ട്, സ്വിമ്മിംഗ് പൂൾ എന്നിവ കൂടാതെ ഇൻഡോർ ഇൻഫ്രാസ്ട്രക്ച്ചറിനായുള്ള സൗകര്യവുമുണ്ട്. സൈക്ക്ളിംഗ് മത്സരങ്ങൾ നടത്തുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ വെലോഡ്രോംകൂടി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഉണ്ട്. 1700 പുരുഷൻമാർക്കും 250 സ്ത്രീകൾക്കും താമസിക്കുവാനുള്ള ഹോസ്റ്റൽ സൗകര്യവുമുണ്ട്.

68. സ്പോർട്സ് കോച്ചിംഗിൽ 2 മാസത്തെ ഇന്റേൺഷിപ്പോടുകൂടി 10 മാസത്തെ ഡിപ്ലോമ കോഴ്സ്, സ്പോർട്സ് കോച്ചിംഗിലെ മാസ്റ്റർ ബിരുദം, സ്പോർട്സ് മെഡിസിനിൽ മാസ്റ്റർ ബിരുദം, സ്പോർട്സ് കോച്ചിംഗിനുള്ള സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയാണ് പ്രധാന അക്കാഡമി കോഴ്സുകൾ. സ്പോർട്സ് മെഡിസിനിലെ മാസ്റ്റർ ബിരുദം എം.ബി.ബി.എസ്.-ന് ശേഷമാണ്. നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന് ബാംഗ്ലൂർ, ഗാന്ധിനഗർ, ചണ്ഡിഗർ, കൊൽക്കത്ത, ഇംഫാൽ, ഗുവാഹത്തി, ഭോപ്പാൽ, മുംബയ്, ലക്ക്നൗ എന്നിവിടങ്ങളിലായി 9 റീജിയണൽ സെന്ററുകളും പാട്യാല നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് (എൻ.എസ്.എൻ.ഐ.എസ്.), തിരുവനന്തപുരത്തെ

ലക്ഷ്മിഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എൽ.എൻ.സി.പി.ഇ.) എന്നീ രണ്ട് അക്കാഡമിക് ഇൻസ്റ്റിറ്റ്യൂട്ടുകളും ബാംഗ്ലൂർ, കൊൽക്കത്ത, തിരുവനന്തപുരം എന്നിവിടങ്ങളിലായി 3 അക്കാഡമിക് സബ്സെന്ററുകളും പ്രവർത്തിക്കുന്നു. കേന്ദ്ര സർക്കാർ 25 കോടിരൂപയും ഇതുകൂടാതെ സംസ്ഥാന സർക്കാർ പ്രത്യേകിച്ചും ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നുണ്ട്. ചെറിയ തുക ഫീസായി ഈടാക്കിക്കൊണ്ട് 'Pay and Play', 'Come and Play' എന്നീ പ്രോജക്റ്റുകൾ സ്കൂൾ കുട്ടികൾക്കായി നടത്തുന്നുണ്ട്. എല്ലാ അത്യാധുനിക സൗകര്യങ്ങളോടുംകൂടിയ ഒരു ജിംനേഷ്യം ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്യാംപസിലുണ്ട്. ഈ ജിംനേഷ്യത്തിന്റെ ചെലവിന്റെ എസ്റ്റിമേറ്റ് 3 കോടിയാണ്. 1983-ൽ നടപ്പാക്കിയ സ്പോർട്സ് സയൻസിന്റെ ഫാക്കൽറ്റി താഴെപ്പറയും പ്രകാരമാണ്.

1. സ്പോർട്സ് ഫിസിയോളജി
2. സ്പോർട്സ് സൈക്കോളജി
3. സ്പോർട്സ് ബയോമെക്കാനിക്സ്
4. സ്പോർട്സ് ബയോകെമിസ്ട്രി
5. സ്പോർട്സ് ആന്ത്രോപോമെട്രി
6. സ്പോർട്സ് മെഡിസിൻ
7. ജനറൽ തീയറി ആന്റ് മെത്തേഡ് ഓഫ് ട്രെയിനിംഗ്

69. സ്പോർട്സ് താരങ്ങളുടെ ആരോഗ്യസ്ഥിതി പോളാർ ഹാർട്ട് റേറ്റ്സ്, സൈക്കിൾ എർജോമീറ്റർ, ആന്റി ഗ്രാവിറ്റി ട്രീറ്റ്മെന്റ്, സ്പീഡ് ലൈറ്റ് റണ്ണിംഗ് ടൈമർ എന്നീ സംവിധാനങ്ങൾ ഉപയോഗിച്ച് പരിശോധിക്കുന്നു. അന്താരാഷ്ട്ര മൽസരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് സോണ ആന്റ് സ്റ്റീം ബാത്ത് എന്ന സൗകര്യവുമുണ്ട്. ഈ പ്രക്രിയയിലൂടെ രക്തകോശങ്ങളുടെയും ഞരമ്പുകളുടെയും പ്രവർത്തനക്ഷമത വർദ്ധിക്കുകയും, സൈനസ്, ചെസ്റ്റ്ഇൻഫക്ഷൻ എന്നിവ സുഖപ്പെടുകയും ചെയ്യുന്നു. സ്പോർട്സ് താരങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ആന്റി ഹരാസ്മെന്റ് പാനൽ എന്ന ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തിന്റെ സ്പോർട്സ് മേഖലയിലുള്ള ഉന്നമനത്തിന് നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന് വളരെ വലിയ പങ്ക് വഹിക്കുവാൻ കഴിയും എന്ന് സമിതി മനസ്സിലാക്കി.

70. അന്തർദേശീയ തലത്തിൽ മത്സരിക്കുന്നതിന് പ്രാപ്തരാക്കുന്ന രീതിയിൽ കായിക താരങ്ങളെ പരിശീലിപ്പിക്കുന്നതിനായി പാട്യാല നേതാജി സുഭാഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന്റെ മാതൃകയിൽ ഒരു സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കണമെന്നും അതിന് ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

71. സമിതി റോഹ്തകിലെ ജി.ഡി. ഗോയങ്ക ഇന്റർനാഷണൽ സ്കൂൾ സന്ദർശിക്കുകയും സ്കൂളിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു. 2014-ൽ റോഹ്തകിൽ സ്ഥാപിതമായ ജി.ഡി. ഗോയങ്ക ഇന്റർനാഷണൽ സ്കൂൾ, ജി.ഡി. ഗോയങ്ക ഗ്രൂപ്പിന്റെ കീഴിൽ 10 ഏക്കറിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ കിന്റർ ഗാർഡൻ മുതൽ XII-ാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസുകൾ സി.ബി.എസ്.ഇ. സിലബസിൽ നടന്നു വരുന്നു. ഓരോകുട്ടിക്കും വ്യക്തിഗതശ്രദ്ധ കിട്ടുന്നതിനായി 1:30 എന്ന അനുപാതത്തിലാണ് ടീച്ചർ സ്റ്റുഡന്റ് റേഷ്യോ നിശ്ചയിച്ചിരിക്കുന്നത്. കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനായി എല്ലാ സൗകര്യങ്ങളോടുംകൂടിയ ഹോസ്റ്റലും അവിടെ നല്ല പോഷകാഹാരവും ശുദ്ധമായ കുടിവെള്ളവും എയർകണ്ടീഷൻ ചെയ്ത ഡയനിംഗ് ഹാളുമുണ്ട്. അത്യാവശ്യമായ എല്ലാ എക്യുപ്മെന്റ്സോടും കൂടിയ ഒരു കമ്പ്യൂട്ടർ ലാബും എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ലൈബ്രറിയും ഈ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കായി ജി.പി.എസ്. സിസ്റ്റത്തോടു കൂടിയ എയർകണ്ടീഷൻഡ് ബസ്സുകളും അവർക്ക് വിനോദത്തിനായി സംഗീതം ഡാൻസ്, ആർട്ട്, എയ്റോബിക്സ് എന്നിവയ്ക്കായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റുഡിയോയും ഒരു സെമിനാർ റൂമും പ്രവർത്തിക്കുന്നു. ഔട്ട്ഡോർ ഇനങ്ങളിലായി ക്രിക്കറ്റ്, നീന്തൽ, ഫുട്ട് ബോൾ, ടെന്നീസ്, ഹോഴ്സ് റൈഡിംഗ്, ബാസ്കറ്റ് ബോൾ ബോക്സിംഗ്, തായ്ക്കോണ്ടോ, ജിംനാസ്റ്റിക്സ്, വാൾ ക്ലൈംബിംഗ്, സ്കേറ്റിംഗ് എന്നിവയിലും ഇൻഡോർ ഇനങ്ങളിലായി ചെസ്, ബാറ്റ്മിന്റൻ, യോഗ, കാരംസ്, ഷൂട്ടിംഗ്, ടേബിൾ ടെന്നീസ്, ഫെൻസിംഗ്, സ്നൂക്കർ, ജിം, എയ്റോബിക്സ് എന്നിവയിലും പരിശീലനം നടത്തിവരുന്നു. 21 കോച്ചുകളാണ് കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കുന്നതിനായി സ്കൂളിലുള്ളത്. കർശനമായ എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് അഡ്മിഷൻ നടത്തുന്നത്. രാവിലെ 8.00 മുതൽ ഉച്ചയ്ക്ക് ശേഷം 2.20 വരെയാണ് ക്ലാസ് സമയം. തുടർന്ന് 2.20 മുതൽ 3.20 വരെ കുട്ടികൾക്ക് വിവിധ ഇനങ്ങളിൽ പ്രാക്ടീസ് നടത്തുന്നതിന് അവസരം കൊടുക്കുന്നു. കിന്റർഗാർഡനിലെ കുട്ടികൾ പൂർണമായും അദ്ധ്യാപകരുടെ നിയന്ത്രണത്തിലാണ് പ്രാക്ടീസ് ചെയ്യുന്നത്. തുടർന്ന് അവർക്ക് താൽപര്യമുള്ള ഇനങ്ങൾ കണ്ടെത്തി അവരെ അതിലേയ്ക്ക് തിരിച്ച് വിടുന്നു.

72. 10 ഏക്കറിൽ പ്രവർത്തിക്കുന്ന ജി.ഡി. ഗോയങ്ക ഇന്റർനാഷണൽ സ്കൂളിനെ മാതൃകയാക്കി കേരളത്തിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളിനെ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. കളരിപ്പയറ്റ്, ആർച്ചറി, പൂരക്കളി തുടങ്ങി പരമ്പരാഗതമായ ധാരാളം കായിക വിനോദങ്ങളുള്ള നമ്മുടെ നാട്ടിൽ അവയോടൊപ്പം മറ്റ് കായിക വിനോദങ്ങളും വേണ്ട വിധത്തിൽ പരിപോഷിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ പ്രതിഭകളും പരിശീലകരും അദ്ധ്യാപകരും അഭ്യുദയകാംക്ഷികളുമെല്ലാം ഒറ്റക്കെട്ടായി നിന്നാൽ നമ്മുടെ നാടിന്റെ കായികമേഖലയിലെ മുന്നേറ്റം തകരാതെ ഏറെക്കാലം സൂക്ഷിക്കാം. പ്രകൃതിദത്തമായ ചുറ്റുപാടിൽ ശാരീരികക്ഷമത ഉയർത്താനുള്ള ആധുനിക സംവിധാനങ്ങൾ, ദീർഘദൃഷ്ടിയുള്ള പരിശീലകർ, പരിശീലനത്തിനെത്തുന്നവർക്ക് പ്രോത്സാഹനം, സർക്കാരിന്റെ ബജറ്റിൽ ഗൗരവമർഹിക്കുന്ന വകയിരുത്തൽ തുടങ്ങിയ ബോധപൂർവ്വമായ ശ്രമത്തിലൂടെ കൗമാര കേരളത്തിന്റെ കായിക മാമാങ്കത്തിന്റെ പ്രൗഢോജ്ജ്വലമായ കതിപ്പിനായി നിലകൊള്ളുന്ന സ്ഥാപനങ്ങളായി സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകൾ മാറുമെന്ന് നമുക്ക് പ്രത്യാശിക്കാം.

 റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 23.

കേരള സർക്കാർ

സംഗ്രഹം

കായിക യുവജനകാര്യ വകുപ്പ്- ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ്-ഭരണനിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കായിക യുവജനകാര്യ (എ) വകുപ്പ്

സ.ഉ.(എം.എസ്) നം.3/2017/കാ.യു.വ    തീയതി, തിരുവനന്തപുരം, 13.02.2017

പരാമർശം:- 25.02.2016 ലെ സ.ഉ (എം.എസ്) നം.47/2016/പൊ.വി.വ

## ഉത്തരവ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം ജില്ല, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ് എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്പോർട്സ് സ്കൂളുകൾ എന്ന നിലയിൽ അവയെ ദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനും പ്രസ്തുത സ്കൂളുകൾക്ക് സ്പോർട്സ് കേന്ദ്രീകൃതമായ ഒരു ഘടനയും ഒരു തലവൻ മാത്രമുള്ള ഭരണസംവിധാനവും ആവശ്യമാണെന്നും പ്രസ്തുത സ്കൂളുകൾ കായിക വകുപ്പിന് കൈമാറുന്നതാണ് നല്ലത് എന്നും തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകൾ കായിക വകുപ്പിന് പരാമർശ ഉത്തരവ് പ്രകാരം കൈമാറുന്നതിന് തീരുമാനിച്ചിരുന്നു. കൂടാതെ മേൽപ്പറഞ്ഞ സ്പോർട്സ് സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ പൊതുവിദ്യാഭ്യാസ വകുപ്പ് തന്നെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിനും ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് വഹിക്കുന്ന മെസ്സ് ചെലവ് കായിക വകുപ്പിന് ലഭ്യമാക്കുന്നതിനും പരാമർശ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

2) പരാമർശിത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ് എന്നീ കായിക വിദ്യാലയങ്ങളുടെ പൂർണ്ണ നിയന്ത്രണവും സമഗ്ര പുരോഗതിക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ, ഉദ്ദേശ്യങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള ചുമതലയും പൂർണ്ണ മേൽനോട്ടവും ഭരണ നിയന്ത്രണചുമതലയും കായിക യുവജനകാര്യ ഡയറക്ടർക്ക് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതനുസരിച്ച് ജി.വി.രാജാ സ്പോർട്സ് സ്കൂൾ പ്രിൻസിപ്പലിന്റെ അധികാര പരിധിയ്ക്കപ്പുറമുള്ള സാങ്കേതിക ഭരണാനുമതി നൽകുന്നതിനുള്ള അധികാരം കായിക യുവജനകാര്യ ഡയറക്ടർക്കായിരിക്കും.

...2

ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ് എന്നിവയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തേണ്ട ഉത്തരവാദിത്വം പൊതുവിദ്യാഭ്യാസ ഡയറക്ടറിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ഡയറക്ടറിലും നിക്ഷിപ്തമായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.മഞ്ജു,
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കായിക യുവജനകാര്യം, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം
പ്രിൻസിപ്പൽ, സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.